# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 608 | 1.11.2011-ലെ മറുപടിക്ക് |
|---|---|

### ചേർത്തല താലൂക്കാശുപത്രിയിൽ പ്രത്യേക കാഷ്വാലിറ്റി ബ്ലോക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ചേർത്തല താലൂക്കാശുപത്രിയിൽ പ്രത്യേക കാഷ്വാലിറ്റി ബ്ലോക്ക് ആരംഭിക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത ബ്ലോക്ക് പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | ബി)പ്രസ്തുത യൂണിറ്റ് പ്രാവർത്തികമാക്കുന്ന തിന്റെ ഭാഗമായി സ്പെഷ്യാലിറ്റി കേഡർ നിലവിൽ വന്നപ്പോൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ 4 തസ്തികകൾ അനുവ ദിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണത്തിൽ ഒഴിവുണ്ട്. |
| സി) പ്രസ്തുത ആശുപത്രിയിൽ ത്വക്ക്, നേത്ര, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിൽ ഒഴിവുകൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഓരോ ഒഴിവുകൾ വീതമുണ്ട് |
| ഡി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; | ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ഇ) പ്രസ്തുത താലൂക്ക് ആശുപത്രിയിൽ കാർഡിയാക്ക് ഐ.സി യൂണിറ്റിന്റെ എല്ലാ ഭൗതിക സാഹചര്യങ്ങളും വർഷങ്ങളായി ഒരുക്കിയിട്ടിരിക്കുകയാണെങ്കിലും പ്രവർത്തനം മുടങ്ങി കിടക്കുകയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) മെഡിക്കൽ ഐ.സി യൂണിറ്റ് ആരംഭിക്കുന്നതിനായി 2 കിടക്കകളും വെന്റിലേറ്ററും ലഭ്യമാക്കിയിട്ടുണ്ട്. |
| എഫ്) പ്രസ്തുത ആശുപത്രിയിൽ കാർഡിയാക്ക് ഐ.സി യൂണിറ്റ് പ്രവർത്തനം ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ